16847
25/10/16

എസ്. എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001
ഫോൺ : +91-471-2333147, 2518181
ഇ-മെയിൽ : sm.vijayanand@nic.in
chiefsecy@kerala.gov.in

നം. 952/എസ്.സി1/2016/പൊ.ഭ (എസ്.സി) തീയതി 24-10-2016

## സർക്കുലർ

വിഷയം :- പൊതുഭരണ വകുപ്പ് - നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഓഫീസേഴ്സ് ഗാലറിയിൽ ഭരണ വകുപ്പിലെയും വകുപ്പുതലത്തിലെയും ഉദ്യോഗസ്ഥർ കർശനമായും ഉണ്ടാകണമെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :-
1. പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 22-03-2013 ലെ 797/എ 2/ 2013/പാ.കാ.വ നമ്പർ സർക്കുലർ.
2. പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 24-09-2016 ലെ പാ.കാ.വ-എ 2/254/2016 നമ്പർ സർക്കുലർ.

നിയമസഭയിൽ ബജറ്റ് ചർച്ച നടക്കുമ്പോൾ വകുപ്പ് തല ഉദ്യോഗസ്ഥരെല്ലാം നിർബന്ധമായും ഓഫീസേഴ്സ് ഗാലറിയിൽ ഹാജരുണ്ടായിരിക്കണമെന്ന ബഹു. നിയമസഭാ സ്പീക്കറുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും നിയമസഭയിലെ ഓഫീസേഴ്സ് ഗാലറിയിൽ നിർബന്ധമായും ഹാജരാകേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിന് മുൻപായി അതത് വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവരുടെ വകുപ്പിന് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ കൃത്യമായും സഭയിൽ ഹാജരാകേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് പാർലമെന്ററി കാര്യ വകുപ്പിൽ നിന്നും യഥാസമയം സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്. പതിനാലാം കേരള നിയമസഭയുടെ രണ്ടാമത് സമ്മേളനവുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം ഇപ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിനു മുൻപായിതന്നെ അതാത് ഭരണ വകുപ്പുകളിലെ പാർലമെന്റ് സെക്ഷനുകളിൽ നിന്നും ഇക്കാര്യത്തിനായി സർക്കുലറുകൾ പുറപ്പെടുവിക്കാറുമുണ്ട്.

എന്നാൽ മേൽപ്പറഞ്ഞനിർദ്ദേശങ്ങളൊക്കെ നിലവിലുണ്ടെങ്കിലും ഭരണ വകുപ്പിലെയും വകുപ്പുതലത്തിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവർക്ക് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ യഥാസമയം നിയമസഭയിലെ ഓഫീസേഴ്സ് ഗാലറിയിൽ ഹാജരാകുന്നതിൽ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ ഓഫീസേഴ്സ് ഗാലറിയിൽ ഇല്ലാതിരുന്ന സാഹചര്യം അതീവ ഗുരുതരമായി വീക്ഷിക്കുന്നു. ഈ സാഹചര്യം ആവർത്തിക്കാതിരിക്കുവാൻ നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവർക്ക് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ നിയമസഭയുടെ ഓഫീസേഴ്സ് ഗാലറിയിൽ ഹാജരാകുന്നു എന്ന് വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തുന്നതിലേക്കായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിനു മുൻപായി അതാത് വകുപ്പുകളിലെ പാർലമെന്റ്

സെക്ഷനുകൾ, വകുപ്പിന് നിശ്ചയിച്ച് നൽകിയിട്ടുള്ള ദിവസങ്ങളിൽ, ഓഫീസേഴ്സ് ഗാലറിയിൽ ഹാജരാകുന്നതിലേക്കായി ഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അപ്രകാരം ഹാജരാകുന്നതിന് വകുപ്പുതലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

2. നിയമസഭയിൽ ഹാജരാകുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അവർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയം വരെ സഭയിൽ തുടരേണ്ടതാണ്.

3. അപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് എന്തെങ്കിലും കാരണവശാൽ നിയമസഭയിൽ ഹാജരാകാൻ സാധിക്കുകയില്ലെങ്കിൽ പ്രസ്തുത വിവരം പാർലമെന്റ് സെക്ഷനെ മുൻകൂട്ടി അറിയിക്കേണ്ടതും അപ്പോൾ തന്നെ മറ്റൊരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

4. നിയമസഭയിൽ പങ്കെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ അന്ന് തന്നെ തന്റെ വകുപ്പുമായി ബന്ധപ്പെട്ട് നിയമസഭയിൽ നടന്ന ചർച്ചകളെയും നടപടികളെയും സംബന്ധിച്ച് ഒരു ലഘു വിവരണം തയ്യാറാക്കി വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും വകുപ്പ് സെക്രട്ടറി അവ ശേഖരിച്ച് പാർലമെന്ററി കാര്യ വകുപ്പിനെ ഏൽപ്പിക്കേണ്ടതും പാർലമെന്ററി കാര്യ വകുപ്പ് അതിനെ രേഖയിലാക്കി സൂക്ഷിക്കേണ്ടതുമാണ്.

5. ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ നിയമസഭയിൽ കൃത്യമായി ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**എസ്. എം. വിജയാനന്ദ്**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/
സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/
ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറി മാർക്കും

പകർപ്പ്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പാർലമെന്ററികാര്യ വകുപ്പിന്